## ▶ വിജയശതമാനം 48.72

# കുസാറ്റ് ബി ടെക് ഫലം പ്രസിദ്ധീകരിച്ചു

**കൊച്ചി** > കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള സംസ്ഥാനത്തെ വിവിധ എൻജിനിയറിങ് കോളേജുകളിൽ 2016 ഏപ്രിലിൽ നടത്തിയ ബിടെക് അവസാന വർഷ (2012 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം http://exam.cusat.ac.in, http://cusat.ac.in വെബ്സൈറ്റിൽ ലഭ്യമാണ്.

23 കോളേജുകളിലായി 6720 വിദ്യാർഥികൾ എഴുതിയ പരീക്ഷയിൽ 3274 പേർ വിജയിച്ചു. വിജയശതമാനം 48.72. ഏറ്റവും കൂടുതൽ വിജയശതമാനം തൃക്കാക്കര മോഡൽ എൻജിനീയറിങ് കോളേജിനാണ്. 69.58 ശതമാനം. കല്ലൂപ്പാറ കോളേജ് ഓഫ് എൻജിനിയറിങ് 64.94 ശതമാനവുമായി രണ്ടാംസ്ഥാനത്തും ആരക്കുന്നം ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി 59.77 ശതമാനവുമായി മൂന്നാംസ്ഥാനത്തുമെത്തി. സർവകലാശാലയിൽ ക്രെഡിറ്റ് സംവിധാനം വന്നതിനുശേഷമുള്ള ആദ്യത്തെ ഫലമാണിതെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.